## മുനിസിപ്പൽ–പഞ്ചായത്ത് തിരഞ്ഞെടുപ്പ്.

* 925. [72] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മുനിസിപ്പൽ കൌൺസിലുകളിലേയ്ക്കും, പഞ്ചായത്തുകളിലേയ്ക്കും പൊതുതിരഞ്ഞെടുപ്പ് നടത്തുന്നതു് എന്നാണു്?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): സംസ്ഥാനത്തെ മുനിസിപ്പൽ കൗൺസിലുകളിലേയ്ക്കു് 1955 ഡിസംബർ അവസാനിക്കുന്നതിനുമുൻപു് തിരഞ്ഞെടുപ്പു നടത്തണമെന്നു് ഗവണ്മെൻറു് നിശ്ചയിച്ചിരിക്കുന്നു. പഞ്ചായത്തുകളിലേയ്ക്കു് 1956 ആഗസ്റ്റു് മാസത്തിനുമുൻപും പൊതുതിരഞ്ഞെടുപ്പു നടത്താനാണു് ഗവണ്മെൻറു് ഉദ്ദേശിക്കുന്നതു്.

## ജൂഡീഷ്യൽ എൻ. ജി. ഓ. മാരുടെ പരാതി.

* 926. [73] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ പ്രദേശത്തെ ജൂഡീഷ്യൽ എൻ. ജി. ഓ. മാർ നീതിപൂർവ്വമായ സർവ്വീസു് സംയോജനം, റീ ആർഗനൈസേഷൻ, മറ്റു ഡിപ്പാർട്ടുമെൻറുകളിലെ എൻ. ജി. ഓ. മാർക്കു ലഭിക്കുന്ന രീതിയിലുള്ള പരിഷ്കരിച്ച ശമ്പളനിരക്കു് മുതലായ ആവശ്യങ്ങൾ ഉന്നയിച്ചു നിവേദനം അധികാരസ്ഥാനങ്ങളിൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) അഖില തിരുവിതാംകൂർ കാപ്പിസ്റ്റ് അസോസിയേഷൻറെയും, അഖില തിരുവിതാംകൂർ ജൂഡീഷ്യൽ പ്രോസസ്സ് എസ്റ്റാബ്ലിഷ്മെൻറു് അസോസിയേഷൻറെയും സംയുക്താഭിമുഖ്യത്തിൽ 1955 ആഗസ്റ്റ് 18-ാംതീയതി കോട്ടയത്തുവച്ചു് ഒരു പൊതുയോഗംകൂടി അവർ തങ്ങളുടെ ആവശ്യങ്ങൾ പ്രഖ്യാപിച്ചതും, 27–8–1955-നു് ഓഡ്ജൂഡം ധരിച്ചു് അവകാശദിനം ആചരിക്കുമെന്നു നിശ്ചയിച്ചതും ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്. സർവ്വീസു് സംയോജനം സംബന്ധിച്ചു് ജൂഡീഷ്യൽ ഡിപ്പാർട്ടുമെൻറിലെ എൻ. ജി. ഓ. മാർ, എൻ. ജി. ഓ. ഫെഡറേഷൻ വഴി അയച്ചിരുന്ന നിർദ്ദേശങ്ങൾ സർവ്വീസു് സംയോജനം സംബന്ധിച്ചു് പരിഗണിച്ചു. പുനഃസംഘടിപ്പിച്ച ശമ്പളനിരക്കു് ജൂഡീഷ്യൽ ഡിപ്പാർട്ടുമെൻറിൽ, 1–4–1951 മുതൽ നടപ്പിലാക്കണമെന്ന നിവേദനം അനുവദിച്ചു. പുതുക്കിയ ശമ്പളനിരക്കു് ജൂഡീഷ്യൽ ഡിപ്പാർട്ടുമെൻറിലെ എൻ. ജി. ഓ. മാർക്കും ബാധകമാണു്. ജൂഡീഷ്യൽ ഡിപ്പാർട്ടുമെൻറിലെ കാപ്പിസ്റ്റന്മാർ അവരുടെ പ്രമോഷനും സേവനവ്യവസ്ഥകളും സംബന്ധമായി സമർപ്പിച്ചിട്ടുള്ള ഒരു മെമ്മോറാണ്ടം ഗവണ്മെൻറിൻറെ പരിഗണനയിലിരിക്കുന്നു.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly